ഫാക്സ് : 0471-2333460

തീയതി 23.11.2017

# വൈറ്റില ഫ്ളൈ ഓവർ നിർമ്മാണ ഉദ്ഘാടനം 11 ന്

എറണാകുളം ജില്ലയിൽ ദേശീയപാതയിലെ ഗതാഗതത്തിരക്കേറിയ ജംഗ്ഷനായ വൈറ്റിലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഫ്ളൈ ഓവറിന്റെ നിർമ്മാണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഡിസംബർ 11 ന് നിർവ്വഹിക്കുമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

82 കോടി രൂപ ചെലവു വരുന്ന പ്രവൃത്തിയുടെ കരാർ നവംബർ 18 ന് ഒപ്പിട്ടു. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് ദേശീയപാത അതോറിറ്റി ഏറ്റെടുത്തു ചെയ്യുമായിരുന്ന പ്രവൃത്തി, സംസ്ഥാന സർക്കാർ ചെയ്യാമെന്ന് മുൻ സർക്കാർ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഈ പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിക്കുകയായിരുന്നു. ഒരു ഫണ്ടും നീക്കിവെയ്ക്കാതെയും ടെണ്ടർ വിളിക്കാതെയും വൈറ്റില മേൽപ്പാലത്തിന്റെ പണി അനിശ്ചിതത്വലാക്കിയ സന്ദർഭത്തിലാണ് ഈ സർക്കാർ അധികാരമേൽക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം രണ്ടു തവണ ദേശീയപാത അതോറിറ്റിയുമായി ചർച്ച നടത്തിയെങ്കിലും മുൻപ് നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അവർ ഏറ്റെടുക്കാൻ തയ്യാറായില്ല. ഈ ഘട്ടത്തിലാണ് കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി പ്രവൃത്തി ഏറ്റെടുക്കുന്നതും യുദ്ധകാലാടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കി അംഗീകാരം നൽകുകയും, ടെണ്ടർ വിളിച്ച് കരാറിലെത്തുകയും ചെയ്തിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു. ഇതോടൊപ്പം ഈ പ്രോജക്ടിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ട് വിവിധ ഏജൻസികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നിർമ്മാണം നടക്കുന്നതിനൊപ്പം ഈ സാദ്ധ്യതകൾ കൂടി പരിഗണിക്കുമെന്നും, അതിവേഗം പ്രവൃത്തി പൂർത്തീകരിക്കുമെന്നും നിർമ്മിക്കുന്ന പാലത്തിനു ടോൾ ചുമത്തുകയില്ലെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.